**ടെൻഡർ നോട്ടീസ് നംബർ: 11 / 2022-2023 /സ. വ. കോ.**

2022-2023 വർഷത്തേയ്ക്ക് PLEASE പ്രൊജക്റ്റ് 2022 -2023 -ഫണ്ടിൽ നിന്നും കെമിസ്ട്രി വിഭാഗത്തിലെ പുതിയ അക്കാദമിക് ബ്ലോക്കിലുള്ള B.sc. സബ് ലാബുകളിലേക്ക് എൽ. പി. ജി.ഗ്യാസ് പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിലേക്കായി അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും മുദ്ര ചെയ്ത ദർഘാസുകൾ ക്ഷണിച്ചു കൊള്ളുന്നു .

**അടങ്കൽ തുക -4,00,000 /- രൂപ. (നാല് ലക്ഷം രൂപ മാത്രം ) .**

ദർഘാസ് അടക്കം ചെയ്ത മുദ്ര വച്ച കവറിനു മുകളിൽ **"കെമിസ്ട്രി വിഭാഗത്തിലേയ്ക്ക് എൽ പി ജി ഗ്യാസ് പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിനുള്ള ദർഘാസ്"** എന്ന് രേഖപ്പെടുത്തേണ്ടതും, **പ്രിൻസിപ്പാൾ, സർക്കാർ വനിതാ കോളേജ്, തിരുവനന്തപുരം -695014** എന്ന വിലാസത്തിൽ എത്തിക്കേണ്ടതുമാണ്. ടെണ്ടറുകൾ സമർപ്പിക്കേണ്ട അവസാന തീയതി **03/ 02/ 2023- 11 .30 a.m .** നിശ്ചിത സമയത്തിനുള്ളിൽ ലഭിക്കുന്ന ദർഘാസുകൾ അവ സമർപ്പിച്ചവരുടെയോ, അവർ നിശ്ചയിക്കുന്ന പ്രതിനിധികളുടെയോ സാന്നിധ്യത്തിൽ അന്നേ ദിവസം ഉച്ചയ്ക്ക് 2 മണിയ്ക്ക് തുറക്കുന്നതായിരിക്കും. നിശ്ചിത തീയതിക്കും, സമയത്തിനും ശേഷം ലഭിക്കുന്ന ദർഘാസുകൾ യാതൊരു കാരവശാലും പരിഗണിക്കുന്നതല്ല.

വിതരണം ചെയ്യാനുള്ള സാധനങ്ങളുടെ പട്ടിക ദർഘാസ് ഫോറത്തിനൊപ്പം ലഭിക്കുന്നതാണ്. ദർഘാസുകൾ **Rs. 1280 /-** രൂപ നിരക്കിൽ എല്ലാ പ്രവൃത്തി ദിവസവും രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് 12. 30 വരെ ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്.കൂടാതെ ടെൻഡർ ഫോമിന്റെ GST തുകയായ (18%GST) **230**/-രൂപ പ്രസ്തുത സ്ഥാപനങ്ങൾ റിവേഴ്സ് ചാർജ് സംവിധാനത്തിൽ ഒടുക്കി ചെലാന്റെ പകർപ്പ് കൂടി സമർപ്പിക്കേണ്ടതാണ് . ദർഘാസിന്റെ ഡ്യൂപ്ലിക്കേറ്റ് പ്രതി ഓരോന്നും Rs. 700/-+GST രൂപയ്ക്കു ലഭിക്കുന്നതാണ്. ദർഘാസുകൾ തപാലിൽ ആവശ്യമുള്ളവർ ദർഘാസിന്റെ വിലയും, വില്പന നികുതിയും, രജിസ്റ്റേർഡ് പോസ്റ്റായി അയക്കുന്നതിനു 40 /-രൂപ ഉൾപ്പെടെയുള്ള തുക മണിയോർഡറായി അയച്ചു തരേണ്ടതും കവറിൽ അയക്കേണ്ടതുമാണ്. ചെക്ക്, പോസ്റ്റൽ ഓർഡർ മുതലായവ സ്വീകരിക്കുന്നതല്ല.

ദർഘാസിൽ കാണിച്ചിരിക്കുന്ന നിരക്കുകൾക്ക് 2023 മാർച്ച് വരെ പ്രാബല്യമുണ്ടായിരിക്കേണ്ടതാണ്. ടെൻഡർ ഫോമിന്റെ 8-ആം പേജിൽ പ്രസ്താവിച്ചിട്ടുള്ള കരാർ 200 /- രൂപ മുദ്ര പത്രത്തിൽ ദർഘാസിനൊപ്പം ഉള്ളടക്കം ചെയ്തിരിക്കേണ്ടതാണ്.. ദർഘാസുകളോടൊപ്പം നിരതദ്രവ്യം ഇനത്തിൽ ടെൻഡർ ചെയ്യുന്ന തുകയുടെ 1 % തുക ( മിനിമം Rs. 1500 /- രൂപ) പ്രിൻസിപ്പാൾ, സർക്കാർ വനിതാ കോളേജ്, തിരുവനന്തപുരം- 14 എന്ന പേരിൽ ഡിമാൻഡ് ഡ്രാഫ്റ്റ് എടുത്ത് സമർപ്പിക്കേണ്ടതാണ്. ഇ. എം. ഡി. / സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ നൽകുന്നതിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ള സ്ഥാപനങ്ങൾ സ്റ്റോഴ്സ് പർച്ചേസ് വകുപ്പിൽ നിന്നും നൽകിയിട്ടുള്ള പുതുക്കിയ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സമർപ്പിച്ചിരിക്കേണ്ടതാണ്. ദർഘാസുകൾ 02 / 02 / 2023 രാവിലെ 11 .30 മണിവരെ വിതരണം ചെയ്യുന്നതാണ്. ദർഘാസുകൾ കാരണം കാണിക്കാതെ നിരസിക്കാനുള്ള അധികാരം പ്രിൻസിപ്പാളിൽ നിക്ഷിപ്തമായിരിക്കും. ടെണ്ടർ ആകെ തുക എഴുതിയിരിക്കണം.

സൂചന : - ഉപകരണങ്ങളുടെ വിലയെഴുതുമ്പോൾ അത് നികുതി അടക്കമുള്ളതായിരിക്കണം. സാധനങ്ങൾ സ്പെസിഫിക്കേഷൻ പ്രകാരമുള്ളതായിരിക്കണം, ആകെ ടെണ്ടർ തുകയിൽ അധികരിക്കാൻ പാടില്ലാത്തതുമാകുന്നു .

**Approval Valid**

Digitally Approved By
Dr.Chandini Sam S.P
Date: 20.01.2023
Reason: Approved